ഹോർട്ടികോർപ്പിന്റെ പച്ചക്കറി വിൽപ്പന

7 (*277) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി വിൽപ്പന രംഗത്ത് ഹോർട്ടികോർപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) പൊതുവിപണിയിലെ വിലയേക്കാൾ കൂടിയ വിലയ്ക്കാണ് ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപ്പനകേന്ദ്രങ്ങൾ പച്ചക്കറി വിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇങ്ങനെ സംഭവിക്കുന്നത് പച്ചക്കറി സംഭരണത്തിൽ കോർപ്പറേഷന് സംഭവിക്കുന്ന പിഴവുകളുടെ ഫലമായിട്ടാണോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പൊതുവിപണിയെക്കാളും കുറഞ്ഞവിലയ്ക്ക് പച്ചക്കറി വിൽപ്പന നടത്താൻ ഹോർട്ടികോർപ്പ് നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള, സംഘമൈത്രി, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് ന്യായവില നൽകി പഴം പച്ചക്കറികൾ സംഭരിച്ച് മിതമായ നിരക്കിൽ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന മൊബൈൽ വിൽപ്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തിവരുന്നു.

(ബി) കർഷക കൂട്ടായ്മകളിൽനിന്നും നേരിട്ട് വാഹനം അയച്ച് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയിലെ വിലയേക്കാൾ വിലകുറച്ചും അധികവില ഈടാക്കാതെയുമാണ് നിലവിൽ ഹോർട്ടികോർപ്പിൽ പച്ചക്കറികൾ വിപണനം ചെയ്യുന്നത്.

(സി) ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത് ഉണനിലവാരം ഉറപ്പു വരുത്തിയും കർഷകർക്ക് ന്യായവില ലഭ്യമാക്കിയുമാണ്. എന്നാൽ ഉപഭോക്താക്കൾക്ക് പരമാവധി വിലകുറച്ചാണ് പച്ചക്കറികൾ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദിവസേന പൊതുവിപണിയിലെ വിലയുമായി താരതമ്യം ചെയ്തശേഷം കമ്പോള വിലയെക്കാൾ വിലകുറച്ചാണ് പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് വിൽപ്പന നടത്തിവരുന്നത്. പൊതു വിപണിയിലെ വിലയെക്കാൾ വില കൂടുതലാണ് എന്ന് ഹോർട്ടികോർപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ വിലകുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്.

കുട്ടനാട് പാക്കേജ്

8 (*278) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നാണ് ; കാലാവധി നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പാക്കേജിന്റെ മൊത്തം അടങ്കൽ എത്രയായിരുന്നു ; ഇതിൽ കേന്ദ്ര സംസ്ഥാന അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പാക്കേജിനായി മൊത്തം ചെലവഴിച്ച തുക എത്ര ; യഥാസമയം ചെലവഴിക്കാത്തതുമൂലം കേന്ദ്ര വിഹിതം നഷ്ടപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) വിവിധ ഏജൻസികൾ നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചു. പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടിക്കിട്ടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കത്ത് നൽകിയിട്ടുണ്ട്.

(ബി) കുട്ടനാട് പാക്കേജിന്റെ മൊത്തം അടങ്കൽ തുക 1840.4 കോടി രൂപയാണ്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly